## മാതൃഭൂമി, ഹാ ലജ്ജാകരം

ആർ രാംകുമാർ

മുംബൈയിൽ തോമസ് ഐസക്കിന്റെ 'രഹസ്യസന്ദർശനം' എന്ന 'മാതൃഭൂമി' പ്രസിദ്ധീകരിച്ച ബോക്സ് വാർത്ത എന്നെ അത്ഭുതസ്തബ്ധനാക്കി. പിണറായി വിജയന് അനുകൂലമായി പാർടി കേന്ദ്രകമ്മിറ്റി അംഗങ്ങളെ സ്വാധീനിക്കാൻ ഐസക് മുംബൈയിൽ എത്തിയെന്നാണ് മാതൃഭൂമി വാർത്തയിൽ പറയുന്നത്. സിപിഐ എം നേതാക്കൾക്ക് എതിരായി വാർത്തകൾ നിർമിക്കപ്പെടുന്നെന്ന് ഇനിയും വിശ്വസിക്കാത്തവർക്ക് ഇതൊരു നല്ല പാഠമാണ്. ഈ റിപ്പോർട്ട് മറ്റൊന്നുമല്ല, പക്ഷേ വലിയൊരു നുണയാണ്. വെറുമൊരു നുണയല്ല, എന്നെ അതിശയിപ്പിച്ച സംഗതികൾ ഇവയാണ്; (1) കള്ളമാണെന്ന് തനിക്കുതന്നെ ബോധ്യമുള്ള ഒരുകാര്യം എഴുതാനുള്ള റിപ്പോർട്ടറുടെ കഴിവ്; (2) അദ്ദേഹത്തിന്റെ സാങ്കൽപ്പികശേഷി; (3) സിപിഐ എം നേതാക്കളെ കരിതേച്ചു കാണിക്കാൻ മാതൃഭൂമിപോലുള്ള ഒരു പത്രം ഇത്രയും തരംതാഴുന്നത്.

തന്റെ മകൾ സാറായെ സ്വീകരിക്കാനാണ്, ജൂലൈ ഒമ്പതിന് രാത്രി തോമസ് ഐസക് മുംബൈയിൽ എത്തിയത്. മുംബൈ വിമാനത്താവള അധികൃതർ അദ്ദേഹത്തെ രാജ്യാന്തര ടെർമിനലിലേക്ക് കടത്തിവിട്ടു, പത്തിനു പുലർച്ചെ ഒന്നോടെ അദ്ദേഹം അവിടെവച്ച് തന്റെ മകളെ വരവേൽക്കുകയും ചെയ്തു.

മകളെ സ്വീകരിക്കാൻ വന്ന പിതാവാണ് ഇത്തരത്തിൽ ചിത്രീകരിക്കപ്പെട്ടത്. പത്രവാർത്തയിൽ പരാമർശിക്കുന്ന മഹാരാഷ്ട്രക്കാർ (അശോക് ധാവ്ളെ, കുമാർ ശിരാൽക്കാർ, കെ എൽ ബജാജ്) ഐസക് മുംബൈയിൽ എത്തിയപ്പോൾ ന്യൂഡൽഹിയിലേക്കുള്ള ട്രെയിനിലായിരുന്നു. 'രഹസ്യ കൂടിക്കാഴ്ചയ്ക്കായി' ഈ വ്യക്തികൾ മുംബൈയിലുണ്ടോ എന്ന് അന്വേഷിക്കാനുള്ള അടിസ്ഥാനപരമായ സാമാന്യബോധംപോലും മാതൃഭൂമി ലേഖകൻ കാട്ടിയില്ല. ഇക്കാര്യം സംബന്ധിച്ച് അശോക് ധാവ്ളെ ഇതിനകം പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ട്. ഐസക്കിനെ മുംബൈയിൽ കണ്ടെത്താൻ ശ്രമിക്കാനും അത് പരാജയപ്പെട്ടപ്പോൾ ഇത്തരമൊരു വലിയ നുണ വാർത്തയായി പ്രസിദ്ധീകരിക്കാനും മാതൃഭൂമി കാട്ടിയ ധൈര്യം അങ്ങേയറ്റം ലജ്ജാകരമാണ്. മാന്യതയുള്ള ഏതു പത്രവും പിറ്റേന്ന് ഈ ലേഖകനെ പുറത്താക്കിയേനേ. പക്ഷേ, വൻ പ്രാധാന്യത്തോടെ വാർത്ത പ്രസിദ്ധീകരിച്ച മാതൃഭൂമി അങ്ങനെ ചെയ്തില്ല. പിറ്റേദിവസം ഒരു ഖേദപ്രകടനം നടത്താൻപോലും ആ പത്രം തയ്യാറായില്ല, ഏതുവിധത്തിലും അവരുടെ ലക്ഷ്യം നിറവേറ്റുകയും ചെയ്തു (ഹോട്ട് ഡോഗ് പ്രശ്നത്തിൽ 'ദേശാഭിമാനി' അന്തസ്സോടെ ഖേദം പ്രകടിപ്പിച്ചു). കേശവമേനോനിൽ ആത്മാഭിമാനം തരിമ്പെങ്കിലും ശേഷിക്കുന്നുണ്ടോ എന്നതാണ് എന്റെ അത്ഭുതം. കേരളത്തിലെ മാധ്യമങ്ങളുടെ അവസ്ഥ എത്ര ലജ്ജാകരമാണ്!

## കുലംകുത്തിയുടെ കാണാച്ചരട്

അണ്ണാൻകുഞ്ഞിനെ സ്കൂളിലയച്ച് മരംകയറ്റം പഠിപ്പിക്കേണ്ടതില്ല. ജന്മസ്വഭാവം എന്നൊന്നുണ്ട്. അത് അങ്ങനെ മായ്ചുകളയാൻ പറ്റുന്നതല്ല. ചില മനുഷ്യർക്ക് പരമ്പരാഗതമായി പ്രത്യേക സ്വഭാവവിശേഷങ്ങളും പകർന്നുകിട്ടും. കുടുംബപരമായി നല്ല വാസനകൾ മാത്രമല്ല, ചീത്തത്തരങ്ങളും പകർന്നുകിട്ടുമെന്നതും സത്യം. കള്ളന്റെ മകൻ നല്ല കള്ളനാകുന്നതും കുടുംബം പരമ്പരാഗതമായി തട്ടിപ്പുകാരാകുന്നതും അതിന്റെ ഉദാഹരണങ്ങളാണ്. ഇത്തരം അവസ്ഥവരുമ്പോഴത്തെ ഒരുപ്രശ്നം പുതിയ തലമുറയെ കുറ്റപ്പെടുത്താനാകില്ല എന്നതാണ്. ഒരു തട്ടിപ്പ് കൈയോടെ പിടിച്ചുവെന്നിരിക്കട്ടെ- പ്രതിക്ക് പറയാം ''അയ്യോ, ഞാൻ തെറ്റുകാരനല്ല; അതൊക്കെ അച്ഛനപ്പൂപ്പന്മാർതൊട്ട് നടന്നുവരുന്ന കാര്യങ്ങളല്ലേ'' എന്ന്. സ്വന്തം വീട്ടിലെ കുറ്റവും കുറവും നാട്ടുകാരോട് വിളിച്ചുപറയുന്നത് അത്ര നല്ല കാര്യമൊന്നുമല്ല. സ്വന്തം പാർടി പ്രസിഡന്റ് മറ്റൊരു പാർടിയുടെ സംസ്ഥാന സെക്രട്ടറിയുടെ താളത്തിനൊത്ത് തുള്ളുന്നയാളാണെന്നു പറയുന്നത് അതിനേക്കാൾ മോശം. ഏതായാലും പിണറായി വിജയന് അഭിമാനിക്കാം- മുൻ പ്രധാനമന്ത്രി ദേവഗൗഡയെപ്പോലും വരുതിയിൽ നിർത്താൻ കഴിയുന്നുണ്ടല്ലോ. വായ്ക്ക് തോന്നുന്നത് കോതക്ക് പാട്ട് എന്ന് പറയുന്ന അവസ്ഥ വീരാളിപ്പട്ടാക്കി തലയിൽകെട്ടി നടക്കുകയും ചെയ്യാം. മുന്നിൽ മൈക്ക് വേണം; കേൾക്കാൻ നാലാളുവേണം- എന്തും പറഞ്ഞുകൊടുക്കപ്പെടും. പത്രത്തിൽ പടം അച്ചടിച്ചുവരുമെങ്കിൽ ഏതുപുസ്തകവും എഴുതും. ഡൽഹിയിൽ ആരോ ചോദിച്ചെന്ന് കേട്ടു- പഴയ പുസ്തകങ്ങളൊക്കെ മാറ്റിയെഴുതേണ്ടിവരില്ലേ എന്ന്. പാവങ്ങൾ. സ്വന്തമായി എഴുതിയിട്ടുണ്ടെങ്കിലല്ലേ മാറ്റിയെഴുതേണ്ട കാര്യം വരുന്നുള്ളൂ. ആരെങ്കിലും എഴുതിയാൽ നമുക്കെന്തുപാട്.

ഇനി കേന്ദ്രനേതൃത്വവും വേണ്ട, കേരളത്തിലെ മുന്നണിയും വേണ്ട രാമന്റെ ദുഃഖവും ഗാട്ടിന്റെ കാണാച്ചരടും വേണ്ട. സോഷ്യലിസം വേണ്ടേവേണ്ട. എങ്ങനെയെങ്കിലും ചെന്നിത്തലയുടെ കാര്യസ്ഥപ്പണിയോ ഇന്ദിരാഭവനിലെ കുശിനിക്കാരന്റെ ഉദ്യോഗമോ കിട്ടിയാൽമതി. അതിനായി ആരെയും തള്ളിപ്പറയും; എന്തും വിളിച്ചുപറയും. രാവിലെ കട്ടൻകാപ്പിക്കുപകരം ഒരു ഗ്ലാസ് ഉപജാപവും ബ്രേക്ഫാസ്റ്റിന് രണ്ട് പ്ലേറ്റ് നുണയും ഉച്ചയ്ക്ക് ഇലനിറയെ കുശുമ്പും അത്താഴത്തിന് പരദൂഷണവും ശീലമാക്കിയ ഒരാൾ താനാണ് സോഷ്യലിസ്റ്റ്, തന്റെ ആസനത്തിലാണ് തഴമ്പ് എന്നെല്ലാം പറഞ്ഞ് മുന്നിൽവരുമ്പോൾ സാധാരണ മനുഷ്യർക്കുണ്ടാകുന്ന ഓക്കാനമുണ്ടല്ലോ- അതാണ് ഇന്ന് കേരളം ഗൗരവമായി ചർച്ചചെയ്യേണ്ട പ്രശ്നം. യുഡിഎഫുകാരും ചിന്തിക്കണം. കൂടെ കൂട്ടുമ്പോൾ രമേശ് ചെന്നിത്തലയുടെ നിലവാരമെങ്കിലും വേണ്ടേ?

## അനർഹൻ വേദമോതുമ്പോൾ

സിപിഐ എമ്മിൽനിന്ന് പുറത്താക്കപ്പെട്ടശേഷം അപ്പുക്കുട്ടൻ വള്ളിക്കുന്നിന് മലയാള മാധ്യമലോകത്ത് ചെറുതല്ലാത്ത സമ്മതിയാണ് ലഭിച്ചത്. ചാനലുകളിലെ സ്ഥിരം വിശകലനവിദഗ്ധൻ. മാർക്സിസം - ലെനിനിസം, സിപിഐ എമ്മിന്റെ ഭരണഘടന, സംഘടന എന്നിവ സംബന്ധിച്ച് വിധിപറയാനും വേണ്ടിവന്നാൽ നേതൃത്വത്തെ ഓരോരുത്തരെയായി പിഴുതെടുത്ത് അവരുടെ ശക്തിദൗർബല്യങ്ങളിൽ ചൂഴ്ന്നിറങ്ങി അപ്രതീക്ഷിതമായ നിഗമനങ്ങളിലെത്തി ജനസാമാന്യത്തെ വിറകൊള്ളിക്കാനും കഴിവുള്ളയാൾ - സർവോപരി മാതൃഭൂമി എഡിറ്റോറിയൽ പേജിലെ ഇടതുപക്ഷം കാത്തുസൂക്ഷിക്കുന്നയാൾ. എല്ലാം ആയിക്കോട്ടെ. പക്ഷേ, എല്ലാ എഴുത്തും നിരീക്ഷണവും ചിന്തയും സിപിഐ എമ്മിന് എതിരെയാകുന്നതിന്റെ യുക്തിയെന്താണ്? നൂറ്റിപ്പത്തുകോടിയിലേറെ വരുന്ന ഇന്ത്യൻ ജനതയുടെ നവലോകസ്വപ്നങ്ങൾക്ക് തടസ്സം സിപിഐ എം ആണെന്നാണോ? ഒരു കമ്യൂണിസ്റ്റിന്റെ മൂടുപടമണിഞ്ഞ് കമ്യൂണിസ്റ്റ് വിരുദ്ധപ്രചാരവേല തൊഴിലാക്കിയ അദ്ദേഹം ചിലപ്പോൾ സിപിഐ എമ്മിനെ പ്രതിനിധാനം ചെയ്യുന്നതുപോലെയാണ് പെരുമാറുന്നത്. യഥാർഥ സിപിഐ എം□ അപ്പുക്കുട്ടന്റെ വേദോപദേശമാണ് സ്വീകരിക്കേണ്ടതെന്ന മട്ടിൽ. അപ്പുക്കുട്ടൻ സിപിഐ എമ്മിൽ വേണ്ട എന്ന് തീരുമാനിച്ചത് കേരള സംസ്ഥാനകമ്മിറ്റിയല്ല. സഖാവ് ഹർകിഷൻസിങ് സുർജിത് ജനറൽ സെക്രട്ടറിയായിരിക്കെ സിപിഐ എം പാർടി കോഗ്രസ് ആണ്. ഉൾപ്പാർടി ജനാധിപത്യവും ഭരണഘടനയും ജനാധിപത്യ കേന്ദ്രീകരണതത്വവുമൊക്കെ പറയുന്നുണ്ടല്ലോ. ഈ തത്വങ്ങൾക്കും ഭരണഘടനാസങ്കൽപ്പങ്ങൾക്കും അനുരോധമായാണ് പാർടി കോഗ്രസ് അപ്പുക്കുട്ടൻ പാർടിയിൽ വേണ്ട എന്ന് തീരുമാനിച്ചത്. അതോടെ സിപിഐ എം 'ജനവിരുദ്ധ'മായി. അപ്പുക്കുട്ടനും കേരളത്തിലെ കമ്യൂണിസ്റ്റ് വിദഗ്ധമാധ്യമവിശാരദന്മാരും സമീപകാലത്ത് വിടാതെ ചർച്ചചെയ്ത് മടക്കിക്കെട്ടിയ വിഷയങ്ങളെന്തൊക്കെയാണ്? നിഷ്പക്ഷമതികളായ ജനസാമാന്യത്തിന്റെ ശ്രദ്ധപതിയുമോ ഇക്കാര്യങ്ങളിലേക്ക്. എല്ലാ കാര്യത്തിലും സിപിഐ എം സംസ്ഥാന കമ്മിറ്റിയെ പ്രതിക്കൂട്ടിലാക്കാനായിരുന്നു വ്യഗ്രത. 2003ൽ കേരളത്തെ പിടിച്ചുകുലുക്കിയ വിഷയം ജനകീയാസൂത്രണത്തിൽ വിദേശഫണ്ട് സ്വീകരിച്ചുവെന്ന ശുദ്ധനുണയായിരുന്നു. പിന്നെ എഡിബി ലോ സംബന്ധിച്ച വിവാദമായി. തുടർന്ന് കിളിരൂർ കേസും ഭൂമാഫിയാ ബന്ധവും ക്രിമിനൽ ഗുണ്ടാബന്ധവുമായി. ഒരു കൂട്ടം പാർടിനേതാക്കളുടെ മക്കളെ കേന്ദ്രീകരിച്ചായി പിന്നത്തെ ആക്രമണം. ഒടുവിൽ ലാവ്ലിൻ കേസും. ഇതിനൊക്കെ സിപിഐ എം കേന്ദ്രകമ്മിറ്റി എന്ത് മറുപടിയാണ് നൽകിയതെന്ന് ഓർമയുണ്ടോ? പാർടിയുടെ കെട്ടുറപ്പും വിശ്വാസവും തകർക്കാൻ ബോധപൂർവം കെട്ടിപ്പൊക്കിയ പച്ചനുണകളുടെ സ്വാധീനത്തിൽ കുറെ ശുദ്ധാത്മാക്കൾ പെട്ടിട്ടുണ്ടെന്നത് നേരുതന്നെ. ഇത് 2009ലെ പാർലമെന്റ് ഇലക്ഷനിലും സ്വാധീനിച്ചുവെന്നത് നാം കണ്ടു. ജൂലൈ 12ന് സിപിഐ എം കേന്ദ്രകമ്മിറ്റിയെടുക്കുന്ന തീരുമാനം കേരളത്തിലെ ജനങ്ങൾക്ക് സ്വീകാര്യമാണോ എന്നതാണത്രേ അപ്പുക്കുട്ടന്റെ പ്രശ്നം. ഭൂരിപക്ഷം സീറ്റും കേരളത്തിൽ ലഭിച്ചില്ലെങ്കിലും 42 ശതമാനത്തോളം വോട്ടർമാർ എൽഡിഎഫിനൊപ്പമാണെന്നത് ഒരു ജനപിന്തുണയല്ലെങ്കിൽ, പിന്നെ അപ്പുക്കുട്ടന്റെ പാർടിക്ക് കിട്ടിയ വോട്ടാണോ യഥാർഥ ജനപിന്തുണ.

**മാധ്യമങ്ങളുടെ ഒളിഞ്ഞുനോട്ടം**

വ്യക്തികളുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റവും ഒളിഞ്ഞുനോട്ടവും ഒരുതരം മ
നോരോഗമാണ്. കുളിമുറിയിലും ടോയ്‌ലറ്റിലും ക്യാമറ ഒളിപ്പിച്ചുവച്ച് പെകുട്ടികളുടെ ചി
ത്രമെടുത്ത് വില്പന നടത്തുന്നവരുടെയും പ്രചരിപ്പിക്കുന്നവരുടെയും നിലവാരംതന്നെ
യാണ്, ഒരാളുടെ സ്വകാര്യ നിമിഷങ്ങളോ സന്ദർഭങ്ങളോ സംഭാഷണങ്ങളോ അയാളറി
യാതെ ചോർത്തിയെടുത്ത് വാർത്തയാക്കുന്നവരുടേതും. ബ്രിട്ടനിൽ ലോകമാധ്യമ രാജാ
വ് റൂപ്പർട്ട് മർഡോക്കിൻെറ ഉടമസ്ഥതയിലുള്ള 'ന്യൂസ് ഓഫ് ദ വേൾഡ്' എന്ന പത്ര(ടാ
ബ്ലോയിഡ്)ത്തിനുനേരെ നടക്കുന്ന പൊലീസന്വേഷണം മാധ്യമരംഗം ഇന്ന് എത്തിപ്പെട്ട
ദുഷിച്ച അവസ്ഥയിലേക്കുള്ള ചൂണ്ടുപലക കൂടിയാണ്. അന്നാട്ടിലെ ആയിരക്കണക്കിന്
പ്രമുഖ വ്യക്തികളുടെ മൊബൈൽഫോണിലെത്തുന്ന എസ്എംഎസ് സന്ദേശങ്ങൾ
ചോർത്തിയെടുക്കാൻ സ്വകാര്യഡിറ്റക്ടീവുകളെ വാടകയ്ക്കെടുത്ത് 'ന്യൂസ് ഓഫ് ദ വേൾ
ഡ്' ഉപയോഗപ്പെടുത്തി എന്ന വാർത്തയെത്തുടർന്നാണ് അന്വേഷണമാരംഭിച്ചത്. രാഷ്ട്രീ
യനേതാക്കളുടെയും ഇതരമേഖലകളിലെ പ്രമുഖരുടെയും രഹസ്യ വിവരങ്ങൾ ഇത്തര
ത്തിൽ ചോർത്തിയിട്ടുണ്ടെന്ന് 'ദ ഗാർഡിയൻ' പത്രമാണ് വൻ പ്രാധാന്യത്തോടെ റി
പ്പോർട്ട് ചെയ്തത്. ലണ്ടൻ മേയർ ബോറിസ് ജോസ, മുൻ ബ്രിട്ടീഷ് ഉപപ്രധാനമന്ത്രി
ജോ പ്രസ്കോട്ട് തുടങ്ങിയവരാണ് ഇങ്ങനെയുള്ള ചോർത്തലിനിരയായത്. ക്രിമിനൽ
മാർഗങ്ങളിലൂടെ തുടർച്ചയായി വാർത്തകൾ ചോർത്തിയെടുത്തതിന്റെ പേരിൽ തങ്ങളു
ടെ പത്രപ്രവർത്തകർ നിയമക്കുരുക്കിൽപെട്ടപ്പോൾ അവരെ രക്ഷപ്പെടുത്താൻ 'ന്യൂസ് ഓ
ഫ് ദ വേൾഡ്' പത്തുലക്ഷം പൗണ്ടിലേറെ പണം ചെലവിട്ടെന്നും വാർത്തകളിൽ പറയു
ന്നു.